II- ഇ.ബി. XII- കേരള നിയമസഭ/ VIII-22

**പന്ത്രണ്ടാം കേരള നിയമസഭ**

എട്ടാം സമ്മേളനം

**ചോദ്യോത്തരങ്ങൾ-സംഗ്രഹം**

2008 ജൂലായ് 24, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

74 (*661) നികുതിപിരിവും നികുതിവെട്ടിപ്പും

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) നൽകിയ മറുപടിയിൽ, നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനും നികുതി വെട്ടിപ്പ് തടയുന്നതിനുമായി ശക്തവും ഫലപ്രദവുമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് സഭയെ അറിയിച്ചു. അതിർത്തി കടക്കുന്ന ചരക്കുകളുടെ കണക്ക് ചെക്ക്പോസ്റ്റുകളിൽ ശേഖരിച്ച് ശാസ്ത്രീയ വിശകലനത്തിന് വിധേയമാക്കി നികുതി വെട്ടിപ്പിനുള്ള പഴുതുകൾ തടയുന്നതിനുള്ള ഇന്റലിജൻസ് വിഭാഗം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 35 ഇന്റലിജൻസ് സ്ക്വാഡുകൾ പുതുതായി ആരംഭിക്കുകയും നികുതി വെട്ടിപ്പ് കാര്യക്ഷമമായി തടയാനുതകുന്ന രീതിയിൽ വിന്യസിക്കുകയും ചെയ്തിട്ടുണ്ട്. ഊടുവഴികളിലൂടെയുള്ള കള്ളക്കടത്തു തടയുന്നതിനായി കൂടുതൽ താൽക്കാലിക ചെക്ക്പോസ്റ്റുകൾ സ്ഥാപിച്ചു. ഈ മേഖലയിൽ ഇന്റലിജൻസ് വിഭാഗത്തിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കി.

റയിൽവേ വഴിയുള്ള കള്ളക്കടത്തു തടയുന്നതിനും അതുവഴിയുള്ള നികുതി വെട്ടിപ്പു തടയുന്നതിനും പരിശോധന കൂടുതൽ ഊർജ്ജിതമാക്കി. നികുതി പിരിവ് പരമാവധി വർദ്ധിപ്പിക്കുവാൻ ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുകയും അവരുടെ പ്രവർത്തനങ്ങളെ ഉന്നതതലത്തിൽ സൂക്ഷ്മപരിശോധനയ്ക്ക് വിധേയമാക്കുകയും ചെയ്യുന്നു. പിഴ, പലിശ എന്നിവ പരമാവധി കുറച്ചുകൊടുത്തുകൊണ്ട് കച്ചവടക്കാരിൽനിന്നും പരിഞ്ഞു കിട്ടാനുള്ള നികുതി പിരിച്ചെടുക്കാൻ ഊർജ്ജിതശ്രമം നടത്തിവരുന്നുണ്ട്. ഇപ്പോൾ പ്രാവർത്തികമാക്കിയിട്ടുള്ള ആംനസ്റ്റി പദ്ധതി ലക്ഷ്യം കണ്ടു തുടങ്ങിയിട്ടുണ്ട്. സംസ്ഥാനത്തെ ചെക്ക്പോസ്റ്റുകൾ മുഴുവൻ അഴിമതി വിമുക്തമാക്കുന്നതിന്റെ ഭാഗമായി അഴിമതിരഹിത വാളയാർ, അഴിമതി വിമുക്ത മഞ്ചേശ്വരം പദ്ധതികൾക്ക് രൂപം നൽകുകയും അവ കാര്യക്ഷമമായ രീതിയിൽ പ്രവർത്തിച്ചുവരികയും ചെയ്യുന്നുണ്ട്. അടുത്തതായി ആര്യങ്കാവ്, അമരവിള, മുത്തങ്ങ എന്നീ ചെക്ക്പോസ്റ്റുകൾ അഴിമതിരഹിതമാക്കാനാണ് ഉദ്ദേശിക്കുന്നത്. വേ ബ്രിഡ്ജ് സ്ഥാപിച്ച് മെച്ച പ്പെട്ട അടിസ്ഥാന സൗകര്യങ്ങളുണ്ടാക്കി ഉദ്യോഗസ്ഥരെ പുനർവിന്യസിപ്പിച്ചു കൊണ്ട് ഈ വർഷം തന്നെ പ്രസ്തുത മൂന്നു ചെക്ക്പോസ്റ്റുകളും അഴിമതിര ഹിത ചെക്ക്പോസ്റ്റുകളാക്കുന്നതാണ്. ഇതിനകം 9 ചെക്ക്പോസ്റ്റുകളിൽ വേബ്രിഡ്ജ് സ്ഥാപിക്കാനുള്ള കരാർ നൽകിക്കഴിഞ്ഞു. അതിൽ മൂന്നു സ്ഥലത്ത് സ്ഥാപിച്ചുകഴിഞ്ഞു. 9 ചെക്ക്പോസ്റ്റുകളിലായി 15 വേ ബ്രിഡ്ജു കളാണ് സ്ഥാപിക്കുന്നത്. അഴിമതിരഹിത വാളയാറിന്റെ അടുത്ത ഘട്ട ത്തിന്റെ ഭാഗമായി സംയോജിത ചെക്ക്പോസ്റ്റുകൾ ആരംഭിക്കുന്നതാണ്. അതിനായി 26 കോടി രൂപ ചെലവുവരും. അതോടുകൂടി ചെക്ക്പോസ്റ്റ്

അതോറിറ്റിയുടെ കീഴിലായിരിക്കും എല്ലാ വകുപ്പുകളുടേയും നികുതി പരിശോധന നടക്കുന്നത്. ചെക്ക്പോസ്റ്റിന്റെ പ്രവർത്തനങ്ങളിൽ ജനപങ്കാളിത്തം ഉറപ്പുവരുത്താനും സുതാര്യമാക്കാനും സോഷ്യൽ ഓഡിറ്റിംഗ് സമ്പ്രദായം നടപ്പിലാക്കി. പോലീസ് സഹായം ആവശ്യമുള്ള ചെക്ക്പോസ്റ്റുകളിൽ അവ ഏർപ്പെടുത്തിയിട്ടുണ്ട്. അഴിമതിരഹിത ചെക്ക്പോസ്റ്റുകളിൽ നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥർക്ക് പ്രത്യേകം പരിശീലനം നൽകുന്നുണ്ട്. പ്രധാനപ്പെട്ട എല്ലാ ചെക്ക്പോസ്റ്റുകളിലും കംപ്യൂട്ടർ സ്ഥാപിച്ച് ഓൺലൈൻ ഡാറ്റാ എൻട്രി സംവിധാനം ശക്തമാക്കിയിട്ടുണ്ട്. ഇന്റലിജൻസ് സ്ക്വാഡുകളുടെ പ്രവർത്തനം ശക്തമാക്കി, അഴിമതിക്കുള്ള പഴുതുകൾ പരമാവധി ഒഴിവാക്കിയിട്ടുണ്ട്. വിവിധ വകുപ്പുകളുടെ ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിന്റെ ഭാഗമായി വാളയാർ സംയോജിത ചെക്ക്പോസ്റ്റിലേയ്ക്കായി 4 വകുപ്പുകളിൽ (പോലീസ്, എക്സൈസ്, മോട്ടോർ വാഹനം, വാണിജ്യ നികുതി എന്നീ വകുപ്പുകൾ) ആവശ്യമായ പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. സ്ഥലമെടുപ്പിനുള്ള നടപടികൾ ത്വരിതപ്പെടുത്തിയിട്ടുണ്ട്. നികുതി വകുപ്പിലെ അപ്പീൽ വിഭാഗം കാര്യക്ഷമമാക്കി പരമാവധി കേസ്സുകളിൽ കാലവിളംബമൊഴിവാക്കി തീർപ്പാക്കുന്നതിനുള്ള നടപടികൾ വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. കൂടുതൽ ഡെപ്യൂട്ടി കമ്മീഷണർമാരുടെ സേവനം പ്രസ്തുത വിഭാഗത്തിലേയ്ക്കായി അനുവദിച്ചുകൊടുത്തു. 6 ഡെപ്യൂട്ടി കമ്മീഷണർമാരെ ഡെപ്യൂട്ടി കമ്മീഷണർ (അപ്പീൽ) മാരായി പുനർവിന്യസിച്ചു. ഇതിനു പുറമേ 14 അസിസ്റ്റന്റ് കമ്മീഷണർമാരെ അപ്പലേറ്റ് അസിസ്റ്റന്റ് കമ്മീഷണർമാരായി

നിയമിക്കുന്നതിനുള്ള പുനർവിന്യാസ നടപടികൾ നടന്നുകൊണ്ടിരിക്കുന്നുണ്ട്. നികുതി നിർണ്ണയം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുവേണ്ടി കേരള പൊതുവിൽപ്പന നികുതി നിയമത്തിൽ 17 (ഡി) നിലവിൽ വരുത്തുകയും ആയതു പ്രകാരം നടപടിക്രമങ്ങൾ ലഘൂകരിച്ച് നികുതി നിർണ്ണയങ്ങൾ തീർപ്പാക്കുന്നതിനുവേണ്ടി വ്യക്തമായ മാനദണ്ഡങ്ങൾ നിർദ്ദേശിക്കുകയുമുണ്ടായി. അവ താഴെപ്പറയുന്നവയാണ്.

സ്റ്റാറ്റ്യൂട്ടറി ഫോമുകൾ നൽകാതെയോ അവ ദുരുപയോഗം ചെയ്തോ നികുതി അടയ്ക്കാതിരിക്കുകയും കുറച്ച് അടയ്ക്കുകയും ചെയ്ത കേസുകളിൽ ഒടുക്കേണ്ട നികുതി അടച്ച് തീർപ്പാക്കുക.

നികുതി വെട്ടിപ്പിന് കോമ്പൗണ്ടിംഗ് ഫീ ഒടുക്കുകയോ പിഴ ചുമത്തപ്പെടുകയോ ചെയ്തിട്ടുണ്ടെങ്കിൽ, വെട്ടിച്ച നികുതിക്ക് തുല്യമായ തുകയോ, നികുതി വെട്ടിപ്പിന്റെ കാലയളവിന്റെ അടിസ്ഥാനത്തിൽ വെട്ടിച്ച നികുതിയുടെ പരമാവധി മൂന്നിരട്ടി തുകയോ അധികമായി ചുമത്തുന്നതാണ്.

നികുതി വെട്ടിപ്പ് തിട്ടപ്പെടുത്തുവാൻ കഴിയാത്ത കേസുകളിൽ റിട്ടേൺ പ്രകാരമുള്ള നികുതിവിധേയ വിറ്റുവരവിന്റെ 5 ശതമാനം കൂട്ടിച്ചേർത്ത് തീർപ്പാക്കുന്നതാണ്. ഇപ്രകാരമുള്ള അധിക നികുതി 5000 രൂപയിൽ കുറയാനോ ഒരു ലക്ഷം രൂപയിൽ കൂടാനോ പാടില്ല.

റിട്ടേണുകളും ടി.ഡി.എസ്. സർട്ടിഫിക്കറ്റുകളും ഹാജരാക്കിയിട്ടുള്ള കോംമ്പൗണ്ട് ചെയ്തിട്ടുള്ള കരാറുകാരുടെ കേസുകളും അവാർഡറുടെ സർട്ടിഫിക്കറ്റ് അംഗീകരിച്ച് തീർപ്പാക്കാവുന്നതാണ്.

ആവശ്യമായ രേഖകളും റിട്ടേണുകളും സമർപ്പിച്ചിട്ടുള്ള കോമ്പൗണ്ട് ചെയ്യാത്ത കരാറുകാരുടെ കേസുകൾ അടച്ച നികുതിയുടെ 20 ശതമാനം ചേർത്ത് 10,000 രൂപയിൽ കുറയാതെ നികുതി നിർണ്ണയം പൂർത്തിയാക്കേണ്ടതാണ്.

2008-09 വർഷത്തെ ബഡ്ജറ്റ് പ്രഖ്യാപനം (ഖണ്ഡിക 155) പ്രകാരം വാണിജ്യ നികുതി വകുപ്പിൽ ഒടുക്കേണ്ട എല്ലാത്തരം കുടിശ്ശികകളും തീർപ്പാക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി (ആംനസ്റ്റി സ്കീം) നടപ്പാക്കിയിട്ടുണ്ട്. ഇതനുസരിച്ച് അതാതു ജില്ലകളിൽ ലഭിച്ചിട്ടുള്ള

അപേക്ഷകൾ തീർപ്പാക്കി 11-7-2008 വരെ പിരിച്ചെടുത്ത തുക 617.75 ലക്ഷം രൂപയാണ്. ഇതിന്റെ ഫലമായി കുടിശ്ശിക പിരിവിൽ 6.18 കോടി രൂപയുടെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. കേന്ദ്ര നികുതി വരുമാനത്തിന്റെ 30.5 ശതമാനമാണ് സംസ്ഥാനങ്ങൾക്ക് വീതം വയ്ക്കുന്നത്. സംസ്ഥാനങ്ങളുടെ അധികാരപരിധിയിൽപ്പെട്ട വിഷയങ്ങളിൽ കേന്ദ്രാവിഷ്കൃത സ്കീമുകളുണ്ടാക്കി നിബന്ധനകൾക്ക് വിധേയമായി പണം നൽകുന്നതിനാണ് കേന്ദ്ര സർക്കാർ ശ്രമിക്കുന്നത്. എല്ലാ സംസ്ഥാനങ്ങളും ഇതിന് എതിരാണ്. കേന്ദ്ര നികുതി വരുമാനത്തിന്റെ 50 ശതമാനമെങ്കിലും ഗ്രാന്റായി സംസ്ഥാനങ്ങൾക്ക് നൽകണമെന്ന തീരുമാനമാണ് എല്ലാ സംസ്ഥാനങ്ങളും ഒരുമിച്ച് എടുത്തിട്ടുള്ളത്. റെയിൽവേ വഴി നടക്കുന്ന തട്ടിപ്പുകൾ പരിശോധിക്കുന്നതു സംബന്ധിച്ച് കേന്ദ്ര-സംസ്ഥാന റെയിൽവേ അധികൃതരുമായി ചർച്ച ചെയ്ത് ധാരണയിൽ എത്തിയതിന്റെ അടിസ്ഥാനത്തിൽ റെയിൽവേകളിൽ ചെക്ക്പോസ്റ്റുകൾ ഏർപ്പെടുത്താൻ റെയിൽവേ സമ്മതിച്ചിട്ടുണ്ട്. റെയിൽവേ സ്റ്റേഷനുകളിലെ പരിശോധന കൂടുതൽ കർശനമാക്കുന്നതാണ്. ഇന്നത്തെ സാഹചര്യത്തിൽ ചെക്ക്പോസ്റ്റുകളിൽ വനിതാ ജീവനക്കാരെ നിയോഗിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നില്ല. എന്നാൽ ഇന്റലിജൻസ് വിഭാഗത്തിൽ വനിതകളെ കൂടുതലായി നിയോഗിക്കേണ്ടിവരും. ധനഉത്തരവാദിത്വ നിയമത്തിന്റെ ഭാഗമായി കടമെടുത്ത് വികസനപ്രവർത്തനങ്ങൾ നടത്താനുള്ള പരിമിതി പരിഗണിച്ച് സംസ്ഥാനത്തിന്റെ നികുതിവരുമാനം ഗണ്യമായി വർദ്ധിപ്പിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. കഴിഞ്ഞ വർഷത്തെ ബഡ്ജറ്റിൽ ക്രഷറുകൾക്ക് കോംപൗണ്ടിംഗിലുള്ള അപാകതകൾ പരിഹരിക്കാൻ

ശ്രമിച്ചിരുന്നു. ക്രഷറിന്റെ മൗത്തിന്റെ വിസ്തൃതി വച്ചാണ് കോംപൗണ്ടിംഗ് നടപ്പാക്കുന്നത്. ക്വാറിയിൽ നിന്നുള്ള ദൂരത്തിന്റെ അടിസ്ഥാനത്തിൽ നികുതി നിശ്ചയിക്കുന്നത് സംബന്ധിച്ച് ഡിപ്പാർട്ട്മെന്റ് തലത്തിൽ വിശദമായ പഠനം നടത്തി ഉചിതമായ തീരുമാനം എടുക്കുന്നതാണ്. കഴിഞ്ഞ നാലഞ്ചു വർഷമായി ദേശീയതലത്തിൽ നടന്ന ചർച്ചയുടെ അടിസ്ഥാനത്തിലാണ് വാറ്റ് നികുതി ഘടന തീരുമാനിച്ചിട്ടുള്ളത്. സ്വന്തം ഉപയോഗത്തിനെന്നും നികുതി കുറഞ്ഞ സംസ്ഥാനമായ മാഹിയിലേയ്ക്ക് കൊണ്ടുപോകാനെന്നും പറഞ്ഞ് രണ്ടു രീതിയിൽ ആളുകൾ പുറത്തു നിന്നും സാധനങ്ങൾ കൊണ്ടുവരുന്നുണ്ട്. അതു സംബന്ധിച്ച് കൂടുതൽ പരിശോധന നടത്തി കർശനമായ നിലപാട് സ്വീകരിക്കുന്നതാണ്. കഴിഞ്ഞ വർഷം ലക്ഷ്വറി ടാക്സ് ഇനത്തിൽ 79 കോടി രൂപയും കുക്ക്ഡ് ഫുഡ് ഇനത്തിൽ 39 കോടി രൂപയും ബാർ ഹോട്ടലിൽ നിന്ന് 126 കോടി രൂപയും സംസ്ഥാനത്തിന് ടൂറിസം രംഗത്ത് നിന്ന് ലഭിച്ചിട്ടുണ്ട്. ലക്ഷ്വറി ടാക്സ് ഇനത്തിൽ കൂടുതൽ തുക ശേഖരിക്കാൻ വേണ്ടി പ്രത്യേകം സർക്കിളുകൾ രൂപീകരിച്ച് ഓരോ ജില്ലയിലും നടപ്പാക്കുന്നതാണ്. കൂടാതെ ഗിഫ്റ്റ് -ന്റെ (ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സസ്) വെബ്സൈറ്റിൽ നിന്ന് ആരൊക്കെയാണ് പരസ്യം കൊടുത്തിരിക്കുന്നതെന്നും അവർക്ക് എത്ര റൂമുകളുണ്ടെന്നുമുള്ള കണക്കുകൾ എടുത്ത് പരിശോധിക്കാനും തീരുമാനിച്ചിട്ടുണ്ട്. കോംപൗണ്ട് ചെയ്യാത്ത സ്വർണ്ണക്കടകൾ പരിശോധന നടത്തി നികുതി ഈടാക്കുന്നതാണ്. പാലക്കാടുള്ള എല്ലാ ചെക്ക്പോസ്റ്റുകളിലും പരിശോധന നടത്തുന്നുണ്ട്. കേരളത്തിലെ ചെക്ക്പോസ്റ്റുകളുടെ ഇന്നത്തെ നിലയിൽ മാറ്റം വരുത്തുക

യെന്നതാണ് ഗവണ്മെന്റിന്റെ ലക്ഷ്യം. ഉചിതമായ സ്ഥലം ലഭ്യമാക്കിയാൽ ഈ വർഷം തന്നെ കാസർകോട് വിൽപ്പനനികുതി ഓഫീസിന് സ്വന്തമായി കെട്ടിടം നിർമ്മിക്കാനുള്ള പണി ആരംഭിക്കുന്നതാണ്. മഞ്ചേശ്വരത്ത് നിലവിലുള്ള ചെക്ക്പോസ്റ്റ് നവീകരിക്കാനുള്ള സ്ഥലസൗകര്യമില്ലാത്തതിനാൽ കർണ്ണാടക അതിർത്തിയിൽ കണ്ടെത്തിയ നാലേക്കർ സ്ഥലം അക്വയർ ചെയ്ത് ഈ വർഷം തന്നെ ചെക്ക്പോസ്റ്റ് മാറ്റി സ്ഥാപിക്കാൻ നടപടി സ്വീകരിക്കുന്നതാണ്. കോടതി വിധിയുള്ളതിനാൽ ലോട്ടറിയിൽ നിന്നുള്ള കുടിശ്ശിക നികുതി പിരിക്കാൻ സാധിക്കുന്നില്ല. പാവപ്പെട്ടവർക്ക് നേരിട്ട് ഗുണം ലഭിക്കുന്ന പദ്ധതിക്കായി ചെലവാക്കുന്ന തുകയുടെ പരിധി രണ്ടു വർഷം കൊണ്ട് 1400-ഓളം കോടി രൂപയാക്കിയിട്ടുണ്ട്. അധികനികുതി വരുമാനം പാവപ്പെട്ട ജനങ്ങളുടെ സംരക്ഷണത്തിനുവേണ്ടിയാണ് ഉപയോഗിക്കുന്നത്. അത് സബ്സിഡിയായിട്ടോ പെൻഷനായിട്ടോ വേറെ ഏതെങ്കിലും ആനുകൂല്യമായിട്ടോ കൊടുക്കണമെന്നുള്ളത് അതാത് കാലത്തെ ഗവണ്മെന്റാണ് തീരുമാനിക്കുന്നത്. കണ്ടെയ്നർ സ്കാൻ ചെയ്യാൻ വേണ്ടി പോർട്ടുകളിൽ മാത്രമാണ് ഇപ്പോൾ സ്കാനർ ഉപയോഗിക്കുന്നത്. ഒരു സ്കാനറിന് 20 കോടിയിൽപ്പരം രൂപ ചെലവു വരും. സംയോജിത ചെക്ക്പോസ്റ്റുകൾ നിലവിൽ വരുമ്പോൾ സ്കാനർ സംവിധാനമുണ്ടാകുന്നതാണ്. അന്യസംസ്ഥാനങ്ങളിൽ നിന്നു വരുന്ന ബസ്സുകളിൽ നികുതി വെട്ടിപ്പ് നടത്തി സാധനങ്ങൾ കടത്തിക്കൊണ്ടുപോകുന്നത് തടയുന്നത് സംബന്ധിച്ച നടപടികൾ ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. കൊല്ലങ്കോട് മുതലമട പഞ്ചായത്തിൽ

ഗോവിന്ദപുരത്ത് ചെക്ക്പോസ്റ്റ് സ്ഥാപിക്കുന്നത് സംബന്ധിച്ച് പരിശോധിക്കുന്നതാണെന്ന് ഒരു ഉപചോദ്യത്തിനുത്തരമായി മന്ത്രി വ്യക്തമാക്കി.

75 (*662) ജലഗതാഗതം ആധുനിക രീതിയിൽ പുന:സംഘടിപ്പി- ക്കുന്നതിന് പദ്ധതി.

ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി തോമസ്) നൽകിയ മറുപടിയിൽ, ജലഗതാഗതം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി കൂടുതൽ സ്റ്റീൽ ബോട്ടുകൾ നിർമ്മിച്ച് സർവ്വീസ് നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. ബോട്ടിന്റെ റിപ്പയർ ജോലികൾ കൂടുതൽ കാര്യക്ഷമമായും വേഗത്തിലും ചെയ്യുന്നതിന് ആലപ്പുഴയിൽ ആധുനിക സൗകര്യങ്ങളുള്ള, സ്ലിപ്‌വേ നിർമ്മിക്കുന്നതിനുള്ള പ്രാരംഭനടപടികൾ പൂർത്തിയായി വരുന്നു. എറണാകുളം തേവരയിൽ വകുപ്പിന്റെ ഡോക്ക്‌യാർഡിലെ സ്ലിപ്‌വേയിൽ സ്റ്റീൽ ബോട്ടുകൾ ഉൾപ്പെടെയുള്ള ബോട്ടുകൾ കയറ്റത്തക്ക രീതിയിൽ റീ കണ്ടീഷൻ ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ വകുപ്പിന്റെ പ്രധാനപ്പെട്ട സ്റ്റേഷനുകളായ ആലപ്പുഴ, എറണാകുളം, പാണാവള്ളി, കൊല്ലം സ്റ്റേഷനുകളിൽ ഓരോ സ്പെയർ ബോട്ട് നൽകി സർവ്വീസ് മുടക്കം പരമാവധി ഒഴിവാക്കുക എന്ന ലക്ഷ്യം നേടുന്നതിനുള്ള ശ്രമങ്ങൾ നടന്നുവരുന്നു. ഇപ്പോൾ സംസ്ഥാന ജലഗതാഗത വകുപ്പ് 46 ബോട്ടുകൾ സർവ്വീസ് നടത്തുന്നുണ്ട്. കൂടാതെ 11 ഫൈബർ ബോട്ടുകളും സർവ്വീസ് നടത്തുന്നുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്താണ് ഫൈബർ ബോട്ടുകൾ നിർമ്മിക്കുന്നതിന് കേരള ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷന് സപ്ലൈ ഓർഡർ

നൽകിയത്. 2008 ഫെബ്രുവരി മാസത്തിൽ ബോട്ടുകൾ വകുപ്പ് ഏറ്റെടുക്കുകയുണ്ടായി. ഫൈബർ ബോട്ടുകൾ വാങ്ങിയതുമായി ബന്ധപ്പെട്ട് അന്വേഷണം ഒന്നും നടത്തിയിട്ടില്ല. ബോട്ടിന്റെ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിന് ആലപ്പുഴയിലും എറണാകുളം തേവരയിലും ഡോക്ക് യാർഡുകൾ പ്രവർത്തിക്കുന്നു. ആലപ്പുഴയിൽ ഒരേസമയം അഞ്ച് ബോട്ടുകളും തേവരയിൽ ഒരു ബോട്ടും കയറ്റിവച്ച് മേജർ റിപ്പയർ ചെയ്യുന്നതിനുള്ള സൗകര്യവും ഒരു ബോട്ടിന്റെ അണിയവും അമരവും കയറ്റി മൈനർ റിപ്പയർ ചെയ്യുന്നതിനുള്ള സൗകര്യവും ലഭ്യമാണ്. കൂടുതൽ യാത്രക്കാരെ കയറ്റാവുന്ന 200-300 പാസഞ്ചർ കപ്പാസിറ്റിയുള്ള ബോട്ടുകൾ വാങ്ങി ദേശീയ ജലപാതയിൽ സർവ്വീസ് നടത്തുന്നതിനുള്ള നിർദ്ദേശം ജലഗതാഗത വകുപ്പ് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. റോഡ് ഗതാഗതത്തിന്റെ തിരക്ക് ഒഴിവാക്കാൻവേണ്ടി ജലപാതയിൽ കൂടുതൽ സർവ്വീസ് ആരംഭിക്കുന്ന കാര്യം ഗവണ്മെന്റിന്റെ സജീവ പരിഗണനയിലാണ്. ബോട്ടിന്റെ ലഭ്യതക്കുറവാണ് ജലഗതാഗത വകുപ്പ് നേരിടുന്ന പ്രശ്നം. മുൻ യു.ഡി.എഫ്. ഗവണ്മെന്റിന്റെ കാലത്ത് ഓർഡർ കൊടുത്തിരുന്ന പത്ത് ഫൈബർ ബോട്ടുകൾ ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നതിനുശേഷം ഏറ്റെടുത്തിട്ടുണ്ട്. ബോട്ടുകൾ പണിയാനായി 'സിൽകി' -ന് കരാർ കൊടുത്ത ആറ് ബോട്ടുകളിൽ മൂന്നെണ്ണം എറ്റെടുത്തിട്ടുണ്ട്. സർവ്വീസുകൾക്ക് മുടക്കം വരാതിരിക്കാനും കൂടുതൽ സർവ്വീസുകൾ ആവശ്യമുള്ള സമയത്ത് ഓടിക്കാനുമായി ബോട്ടുകൾ വാടകയ്ക്ക് എടുക്കാൻ ഗവണ്മെന്റ് ബന്ധപ്പെട്ട വകുപ്പിന് അനുവാദം കൊടുത്തിട്ടുണ്ട്. ജലഗതാഗതവകുപ്പിന്റെ കീഴിൽ 88 ബോട്ടുകളുള്ളതിൽ

ഏഴ് ബോട്ട് റിപ്പയറിംഗിലാണ്. റിപ്പയറിന് കാത്തിരിക്കുന്ന 15 ബോട്ടുകളും ലേലത്തിന് മാറ്റി വച്ചിരിക്കുന്ന 16 ബോട്ടുകളും ഉണ്ട്. കൂടാതെ ആക്സി ഡന്റ് ബോട്ട്, വർക്ക്ഷോപ്പ് ബോട്ട്, സ്പീഡ് ബോട്ട്, പൈലറ്റ് ബോട്ട് എന്നിങ്ങനെ ഓരോന്നുണ്ട്. സർവ്വീസിനുപയോഗിക്കുന്ന ബോട്ടുകളുടെ എണ്ണം കൂട്ടാനുള്ള നടപടി സ്വീകരിക്കുന്നതാണ്. ഇപ്പോൾ ജലഗതാഗത വകുപ്പ് നടത്തിക്കൊണ്ടിരിക്കുന്ന സർവ്വീസുകൾ മുടക്കം കൂടാതെ നട ത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2005 ഡിസംബർ മാസം മുതൽ ജലഗതാഗത വകുപ്പിൽ ഡയറക്ടർ തസ്തിക ഒഴിഞ്ഞുകിടക്കു കയാണ്. നിലവിലുള്ള സ്പെഷ്യൽ റൂൾസ് പ്രകാരം ഡയറക്ടർ തസ്തി കയ്ക്കുള്ള അടിസ്ഥാനയോഗ്യതയുള്ള ആൾ ജലഗതാഗത വകുപ്പിൽ ഇല്ല. മറ്റു തരത്തിലുള്ള നടപടികൾ എടുത്തുവെങ്കിലും കോടതിയിൽ നിന്ന് സ്റ്റേ ഉണ്ടായതിനാൽ സ്പെഷ്യൽ റൂൾസ് അമെന്റ് ചെയ്ത് മുഴുവൻ സമയ ഡയറക്ടറെ ജലഗതാഗത വകുപ്പിൽ നിയമിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ചെങ്ങന്നൂർ-ആലപ്പുഴ-എറണാകുളം ബോട്ട് സർവ്വീസ് പുനഃസ്ഥാപി ക്കുന്നത് സംബന്ധിച്ച് അവിടത്തെ സാധ്യത പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. ജലഗതാഗതവകുപ്പ് നേരിടുന്ന പ്രശ്നങ്ങൾ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന് ബന്ധപ്പെട്ട എം.എൽ.എ-മാരുടെ ഒരു യോഗം ആഗസ്റ്റ് മാസത്തിൽ വിളിക്കുന്നതാണ്. മുഖ്യമന്ത്രിയുടെ അധി കാരപരിധിയിൽ വരുന്ന ഉൾനാടൻ ജലഗതാഗത വകുപ്പിന് സജീവമായ ശ്രദ്ധ ഗവണ്മെന്റ് നൽകുന്നുണ്ട്. തട്ടേക്കാട് ബോട്ട് ദുരന്തം സംബന്ധിച്ച് ലഭ്യമായ കമ്മീഷൻ റിപ്പോർട്ട് ഗവണ്മെന്റ് പരിഗണിച്ചുവരികയാണെന്ന് ഒരു ഉപചോദ്യത്തിനുത്തരമായി ജലവിഭവ വകുപ്പുമന്ത്രി വ്യക്തമാക്കി.

76 (*663) <u>കരിങ്കൽ ക്വാറികൾ</u>

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ) നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് 1816 കരിങ്കൽ ക്വാറികൾ പ്രവർത്തിക്കുന്നുണ്ടെന്ന് സഭയെ അറിയിച്ചു. തിരുവനന്തപുരം-69, കൊല്ലം-16, പത്തനംതിട്ട-37, കോട്ടയം-80, ഇടുക്കി-5, എറണാകുളം-101, തൃശൂർ-35, വയനാട്-41, കാസർഗോട്-9, പാലക്കാട്-114, മലപ്പുറം-94, കോഴിക്കോട്-12, കണ്ണൂർ 33 എന്നിങ്ങനെ പ്രവർത്തനം മതിയാക്കി ഉപേക്ഷിക്കപ്പെട്ട 646 ക്വാറികളുണ്ട്. ഉപേക്ഷിക്കപ്പെട്ട ക്വാറികളിലുണ്ടാകുന്ന അപകടങ്ങൾ തടയുന്നതിന് ക്വാറിക്കു ചുറ്റും വേലി കെട്ടുന്നതിനും അപകട സൂചനാബോർഡുകൾ സ്ഥാപിക്കുന്നതിനും ക്വാറി ഉടമകൾക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. സുരക്ഷാ ക്രമീകരണങ്ങൾ പരിശോധിക്കുന്നതിനും ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് കൊടുക്കുന്ന പെർമിറ്റ് അനുസരിച്ച് ഹ്രസ്വകാല പെർമിറ്റുള്ളതും ദീർഘകാല ക്വാറി ലീസുള്ളതുമായ 3146 ക്വാറികളാണ് സംസ്ഥാനത്ത് നിലവിലുള്ളത്. അനധികൃതമായ ക്വാറികൾ പല പ്രദേശത്തും പ്രവർത്തിക്കുന്നുണ്ട്. സ്ഫോടകവസ്തുക്കളുപയോഗിച്ച് ക്വാറികളിൽ ഖനനം നടത്തുന്നതിനാൽ ഒട്ടേറെ അപകടങ്ങൾ ഉണ്ടാകുന്നത് തടയാൻ മൈനിംഗ് ആന്റ് ജിയോളജി വകുപ്പും റവന്യൂ വകുപ്പും ചേർന്ന് കർശനമായ നിയമ നടപടികൾ സ്വീകരിക്കുന്നുണ്ട്. കൂടാതെ പ്രാദേശികമായ പരിശോധനയ്ക്കായി വ്യവസായ വകുപ്പിൽ നിന്ന് ഒരു സമിതിയെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്. റവന്യൂ പുറമ്പോക്കുകളിലുള്ള ക്വാറികളിൽ ഖനനം നടത്തുന്നതിനുള്ള വാർഷിക ലൈസൻസ് ഫീസ് വളരെ മുമ്പ്

നിശ്ചയിച്ചിട്ടുള്ളതാണ്. അനുവദിക്കുന്നതിനേക്കാൾ കൂടുതൽ സ്ഥലം ഉപയോഗിക്കുന്നതായും ഗവണ്മെന്റിന് വലിയ സാമ്പത്തിക നഷ്ടമുണ്ടാക്കുന്നതായും ധാരാളം അപകടങ്ങൾ ഉണ്ടാക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കരിങ്കൽ ക്വാറികളുടെ പ്രവർത്തനം അപകടത്തിന് വഴി വയ്ക്കുന്നുവെന്ന് നിയമസഭയുടെ പബ്ളിക് അക്കൗണ്ട്സ് കമ്മിറ്റിയും വിശദമായ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. കൂടാതെ സെസ്സ്, കേരളാ ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, കേരള കാർഷിക സർവ്വകലാശാല, ശാസ്ത്ര സാങ്കേതിക വകുപ്പ് തുടങ്ങിയ വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകളെ അടിസ്ഥാനമാക്കി ദുരന്ത നിവാരണ അതോറിറ്റി കർശനമായ നിയന്ത്രണമാണ് സ്വീകരിക്കുന്നത്. കൂടാതെ മനുഷ്യാവകാശ കമ്മീഷൻ 22-1-08-ൽ പരിശോധന നടത്തി സമർപ്പിച്ച ശുപാർശയുടെ അടിസ്ഥാനത്തിൽ റവന്യൂ, തദ്ദേശസ്വയംഭരണം, മൈനിംഗ് ആന്റ് ജിയോളജി, പൊല്യൂഷൻ കൺട്രോൾ ബോർഡ് എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥരടങ്ങുന്ന സംഘത്തെ ക്വാറികളിൽ പരിശോധന നടത്തുന്നതിനായി എല്ലാ ജില്ലകളിലും നിയോഗിച്ചിട്ടുണ്ട്. ബന്ധപ്പെട്ട റവന്യൂ ഉദ്യോഗസ്ഥരിൽ നിന്നും അതാത് സ്ഥലത്തെ ക്വാറികൾ സംബന്ധിച്ച് ദ്വൈമാസ റിപ്പോർട്ടുകൾ ശേഖരിക്കുന്നതിന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ഒരു പൊതുനയം ഇക്കാര്യത്തിൽ സ്വീകരിക്കേണ്ടതുണ്ട്. തൊഴിലവസരങ്ങളുടെ ലഭ്യതയും നിർമ്മാണ പ്രവൃത്തികൾക്കും മറ്റ് വികസനപ്രവർത്തനങ്ങൾക്കുമുള്ള കരിങ്കല്ലിന്റെ ആവശ്യകതയും പരിശോധിച്ചാണ് ഇക്കാര്യത്തിൽ ഒരു തീരുമാനമെടുക്കേണ്ടത്. അന്യസംസ്ഥാനങ്ങളിൽ നിന്ന് ഇവിടെ വന്ന് കരിങ്കൽ ക്വാറികളിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് തിരിച്ചറിയൽ കാർഡ്

കൊടുക്കുകയോ അവരെ ഉപയോഗിച്ച് ഖനനം നടത്തുന്ന കരാറുകാരുടെ പേര് രജിസ്റ്റർ ചെയ്യുകയോ ചെയ്യേണ്ടത് ആവശ്യമാണ്. അപകടമരണങ്ങൾ ഉണ്ടാകാതെ നോക്കുകയാണ് ഗവണ്മെന്റിന്റെ ലക്ഷ്യം. ക്വാറികളുടെ പ്രവർത്തനം നിയമവിധേയമാക്കാനും സ്വകാര്യമേഖലയിലെ ചൂഷണം അവസാനിപ്പിക്കാനുമായി ബന്ധപ്പെട്ട എല്ലാ വകുപ്പുകളും കൂട്ടായി ചർച്ച ചെയ്ത് ഒരു തീരുമാനമെടുക്കേണ്ടതുണ്ടെന്ന് ഒരു ഉപചോദ്യത്തിനുത്തരമായി മന്ത്രി വ്യക്തമാക്കി.

77 (*664) <u>വികേന്ദ്രീകൃത ആസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതി</u>.

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി) നൽകിയ മറുപടിയിൽ, വികേന്ദ്രീകൃതാസൂത്രണത്തിന്റെ പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്ന സമിതിയാണ് വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയെന്ന് സഭയെ അറിയിച്ചു. ചെറുകിട നാമമാത്ര കർഷകർക്ക് വിത്തുകൾക്കും തൈകൾക്കും 100 ശതമാനം സബ്സിഡി അനുവദിച്ചിട്ടുണ്ട്. 11-07-08--ലെ ഉത്തരവ് പ്രകാരം ഇതിനായുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രാദേശിക ഉൽപ്പാദന വിപണന ശൃംഖല സൃഷ്ടിക്കുന്ന പരിപാടി കുടുംബശ്രീയുടെ ഭാഗമായി നടപ്പാക്കുന്നുണ്ട്. ഓർഡറുകൾ ശേഖരിക്കുന്നതിനും ഉൽപ്പന്നങ്ങൾ ശേഖരിച്ച് വിപണനം നടത്തുന്നതിനും വ്യത്യസ്ത ആക്ടിവിറ്റി ഗ്രൂപ്പുകൾ മുഖേന പ്രവർത്തിക്കുന്ന ദരിദ്രരുടെ കൂട്ടായ്മയിലൂടെയാണ് ഇത് സാധ്യമാക്കുന്നത്. കഴിഞ്ഞ ഒരു വർഷത്തിനിടയിൽ കുടുംബശ്രീ യൂണിറ്റുകളുടെ ഉൽപ്പന്നങ്ങൾ വിപണനം നടത്താനുള്ള സംവിധാനം ശക്തിപ്പെട്ടുവരുന്നുണ്ട്. പരമാവധി എല്ലാ പ്രദേശങ്ങളിലും

അത്തരത്തിലുള്ള സംവിധാനം ഒരുക്കുന്നതിനാണ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്. തദ്ദേശഭരണസ്ഥാപനങ്ങൾ മുഖേന പച്ചക്കറി കൃഷി നടത്തുന്ന എല്ലാ പ്രദേശങ്ങളിലും ജൈവവളം ഉപയോഗിക്കുന്നതിന് നിർദ്ദേശം കൊടുത്തിട്ടുണ്ട്. സംസ്ഥാനം മാലിന്യമുക്തമാക്കുന്നതിന്റെ ഭാഗമായി തദ്ദേശഭരണ സ്ഥാപനങ്ങൾ ഉൽപ്പാദിപ്പിക്കുന്ന ജൈവവളം കൃഷിക്കുപയോഗിക്കാനാണ് ശ്രമിക്കുന്നത്. പല സ്ഥലങ്ങളിലും അത് ഫലമപ്രദമായി നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. പദ്ധതി നിർവ്വഹണത്തിനും ആസൂത്രണത്തിനും സഹായകമായി രൂപീകരിച്ച കമ്മിറ്റികളുടെ എണ്ണക്കൂടുതൽ പ്രവർത്തനങ്ങൾക്ക് തടസ്സമാകുന്നതിനെക്കുറിച്ച് പരിശോധിക്കുന്നതാണെന്ന് ഒരു ഉപചോദ്യത്തിനുത്തരമായി മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട 665 മുതൽ 690 വരെയുള്ള (26) ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 5328 മുതൽ 5529 വരെയുള്ള ചോദ്യങ്ങളിൽ 137എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)